ദേശാഭിമാനി
# അക്ഷരമുറ്റം
TALENT FEST 2026

---

## സ്കൂൾതല ക്വിസിനുള്ള ചോദ്യങ്ങൾ
## യുപി വിഭാഗം

### ക്വിസ് മാസ്റ്റർക്കുള്ള നിർദ്ദേശങ്ങൾ

സ്കൂൾതല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങളാണിത്. ഉത്തരങ്ങൾ ഓരോ ചോദ്യത്തിനും തൊട്ടുതാഴെയുണ്ട്. 20 ചോദ്യങ്ങളാണ് മത്സരത്തിന് ഉപയോഗിക്കേണ്ടത്. ടൈ വരികയാണെങ്കിൽ ഉപയോഗിക്കാനുള്ളതാണ് അവസാനത്തെ 5 ചോദ്യങ്ങൾ. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനപുസ്തകവും സർട്ടിഫിക്കറ്റുമുണ്ട്. അവ ഉപജില്ലാ മത്സരകേന്ദ്രത്തിൽ നൽകും. ഒന്നും രണ്ടും സ്ഥാനക്കാരാണ് ഉപജില്ലാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. അതിന് പറ്റിയ രീതിയിൽ ടൈ ബ്രേക്ക് ചെയ്യണം. സ്കൂളിന്റെ സാധ്യതയ്ക്കനുസരിച്ച് ചോദ്യം ചോദിക്കുകയോ എഴുതിക്കുകയോ ചെയ്യാം. ഒന്നും രണ്ടും സ്ഥാനം നേടിയ വിദ്യാർഥികളുടെ പേരുവിവരം പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തി കുട്ടികളെ ഏൽപിക്കണം. ഉപജില്ല മത്സരകേന്ദ്രത്തിലെ രജിസ്ട്രേഷന് അത് ആവശ്യമാണ്. ഉപജില്ലയിലും ജില്ലയിലും സംസ്ഥാനതലത്തിലും വ്യക്തിഗതമായാണ് ക്വിസ് മത്സരം.

1)ഇക്കഴിഞ്ഞ ആഗസ്ത് 31ന് ഒരു ലോകഫുട്ബോൾതാരം അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് വിരമിച്ചു. ആര്?
ഉത്തരം: ലയണൽ മെസി

2) ഒരു സമചതുരത്തിന്റെ (Square) ഒരു വശത്തിന്റെ നീളം 5 സെന്റീമീറ്റർ ആണെങ്കിൽ, അതിന്റെ ചുറ്റളവ് (Perimeter) എത്രയായിരിക്കും? തന്നിരിക്കുന്നതിൽ നിന്ന് തെരഞ്ഞെടുക്കുക
A) 25 cm B) 10 cm C) 20 cm D) 15 cm

ഉത്തരം: C) 20 cm

3) കേരളത്തിലെ ഏറ്റവും വലിയ ജില്ല ഇടുക്കിയാണ്. ഏറ്റവും ചെറിയ ജില്ല ഏതാണ്?
ഉത്തരം: ആലപ്പുഴ

4) താഴെ പറയുന്നതിൽ തെറ്റായ പ്രസ്താവന ഏത് ?
a. വൈറസ്, ബാക്ടീരിയ തുടങ്ങിയവയാണ് പകർച്ച വ്യാധികൾ ഭൂരിഭാഗവും പരത്തുന്നത്
b. എല്ലാ സൂക്ഷ്മജീവികളും അപകടകാരികളാണ്
C. ദഹനത്തെ സഹായിക്കുന്ന ബാക്ടീരിയകളുണ്ട്
d. ജൈവാവശിഷ്ടങ്ങളെ വിഘടിപ്പിച്ച് മണ്ണിൽ ലയിപ്പിക്കുന്നത് സൂക്ഷ്മജീവികളാണ്.

ഉത്തരം: b. എല്ലാ സൂക്ഷ്മജീവികളും അപകടകാരികളാണ്.

5) നാം വീടുകളിൽ ഉപയോഗിക്കുന്ന എൽഇഡി ബൾബുകൾക്ക് സാധാരണ ബൾബുകളേക്കാൾ വൈദ്യുത ഉപഭോഗം കൂടുതലാണോ കുറവാണോ?
ഉത്തരം: കുറവാണ്

6) മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നത് ആര്?
ഉത്തരം: തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ (എഴുത്തച്ഛൻ എന്നെഴുതിയാലും മാർക്ക് നൽകാം)

7) മനുഷ്യ ശരീരത്തിൽ ആകെ എത്ര അസ്ഥികൾ (Bones) ഉണ്ട്?
ഉത്തരം: 206

8) ഇന്ത്യയുടെ ഇപ്പോഴത്തെ രാഷ്ട്രപതി ആരാണ്?
ഉത്തരം: ദ്രൗപദി മുർമു

9) 'നേരെവിടർന്നുവിലസീടിന നിന്നെ നോക്കി
യാരാകിലെന്തു മിഴിയുള്ളവർ നിന്നിരിക്കാം.'
കുമാരനാശാൻ രചിച്ച പ്രശസ്തമായ ഒരു കൃതിയിലെ വരികളാണിവ. കൃതി ഏതാണ്?
ഉത്തരം: വീണപൂവ്

techsandquiz.in

10) നീലുക്കുറിഞ്ഞിപ്പൂക്കളുടെ സംരക്ഷണകേന്ദ്രമായ കുറിഞ്ഞിമല സാങ്ച്വറി സ്ഥിതിചെയ്യുന്നത് ഏത് ജില്ലയിലാണ്? തന്നിരിക്കുന്നവയിൽ നിന്ന് തെരഞ്ഞെടുക്കുക

a . ഇടുക്കി, b. പത്തനംതിട്ട , c. കോട്ടയം d. വയനാട്

ഉത്തരം : a . ഇടുക്കി

11) 'റോമയാത്ര' എന്നറിയപ്പെടുന്ന പുസ്തകം മലയാളത്തിലെ യാത്രാവിവരണസാഹിത്യ ശാഖയിലെ ആദ്യ രചനയാണ്. പുസ്തകത്തിന്റെ യഥാർത്ഥ പേരെന്ത്?

ഉത്തരം: വർത്തമാനപുസ്തകം

12) രാത്രിയിൽ മിന്നാമിനുങ്ങ് പ്രകാശിക്കുന്നത് കണ്ടിട്ടില്ലേ? അവയുടെ ശരീരത്തിലെ ചില രാസവസ്തുക്കൾ ആണ് പ്രകാശം ഉല്പാദിപ്പിക്കുന്നത്. മിന്നാമിനുങ്ങ് പ്രകാശിക്കുമ്പോൾ ഏതു ഊർജ്ജമാണ് പ്രകാശോർജമായി മാറുന്നത്?

ഉത്തരം: രാസോർജം (Chemical energy)

13) ഉറക്കഹോർമോൺ എന്നറിയപ്പെടുന്നത് മെലടോണിൻ ആണ്. നമ്മുടെ ശരീരത്തിലെ ഒരു ഗ്രന്ഥി ഇരുട്ടിനോട് പ്രതികരിക്കുന്നതിന്റെ ഫലമായിട്ടാണ് ഇത് ഉല്പാദിപ്പിക്കപ്പെടുന്നത്. പ്രഭാതമാകുമ്പോൾ പ്രകാശത്തിന്റെ സാന്നിധ്യ മൂലം ഈ ഹോർമോണിന്റെ ഉത്പാദനം കുറയുന്നു, അപ്പോഴാണ് നാം ഉണരുന്നത്. ഏത് ഗ്രന്ഥിയാണ് മെലാടോണിൻ ഉല്പാദിപ്പിക്കാൻ സഹായിക്കുന്നത്?

ഉത്തരം: പീനിയൽ ഗ്രന്ഥി (Pineal gland)

14) ഏറ്റവും വലിയ മൂന്നക്ക സംഖ്യ ഏത് ?

ഉത്തരം: 999

15) അന്തരീക്ഷ വായുവിൽ ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്ന വാതകം ഏത്?

ഉത്തരം: നൈട്രജൻ (ഏകദേശം 78%)

16) 2026ലെ ഐസിസി പുരുഷവിഭാഗം ടി 20 ലോക ചാമ്പ്യന്മാർ ഇന്ത്യയാണല്ലോ. പ്ലെയർ ഓഫ് ദ ടൂർണമെന്റ് ആരായിരുന്നു?

ഉത്തരം: സഞ്ജു സാംസൺ

17) ചാന്ദ്രദിനം ഏത് ദിവസമാണ് ആചരിക്കുന്നത്?

ഉത്തരം: ജൂലൈ 20

18) സസ്യങ്ങൾ ആഹാരം പാകം ചെയ്യാൻ (പ്രകാശസംശ്ലേഷണം/Photosynthesis) അന്തരീക്ഷത്തിൽ നിന്നും വലിച്ചെടുക്കുന്ന വാതകം ഏത്?

ഉത്തരം: കാർബൺ ഡൈ ഓക്സൈഡ്

19) കംപ്യൂട്ടറിന്റെ മസ്തിഷ്കം ( brain) എന്ന് വിളിക്കുന്ന ഭാഗം ഏത്? തന്നിരിക്കുന്നവയിൽ നിന്ന് തെരഞ്ഞെടുക്കുക

a. കീബോർഡ് b. മോണിറ്റർ c. സിപിയു (സെൻട്രൽ പ്രൊസസിങ് യൂണിറ്റ്) d. മൗസ്

ഉത്തരം: c. സിപിയു (സെൻട്രൽ പ്രൊസസിങ് യൂണിറ്റ്)

20) 'Child' എന്ന വാക്കിന്റെ ബഹുവചനം (Plural form) താഴെ പറയുന്നവയിൽ നിന്നും കണ്ടെത്തുക.

A) Childs B) Children C) Childrens D) Childes

ഉത്തരം: B) Children

**ടൈ ബ്രേക്കർ ചോദ്യങ്ങൾ**

1) 2026 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻമാരായ സ്പെയിനിന്റെ തലസ്ഥാനം ഏതാണ്?

ഉത്തരം: മാഡ്രിഡ് (Madrid)

2) സൂര്യപ്രകാശം ജലകണങ്ങളിൽ തട്ടി മഴവില്ല് ഉണ്ടാകുന്ന പ്രതിഭാസത്തിന് പറയുന്ന ശാസ്ത്രീയ നാമം എന്ത്?

ഉത്തരം: പ്രകീർണ്ണനം (Dispersion of light)

3) 'ഭൂമിയുടെ ഇരട്ട' (Earth's Twin) എന്നറിയപ്പെടുന്ന ഗ്രഹം ഏത്?

ഉത്തരം: ശുക്രൻ (Venus)

4) ഇന്ത്യൻ പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ ഏത് ഗോത്രവർഗനേതാവിന്റെ ഛായാചിത്രമാണുള്ളത്?

ഉത്തരം: ബിർസ മുണ്ട

techsandquiz.in

5) കേരളത്തിൽ ഏറ്റവും കൂടുതൽ നദികളുള്ള ജില്ല ഏതാണ്?

ഉത്തരം: കാസർകോട്